"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - കൊച്ചി കോർപ്പറേഷനിൽ കണ്ടിൻജന്റ് വർക്കർ - മരണപ്പെട്ട പി. എസ്. ജോർജിന്റെ മകൻ ശ്രീ. കാർലോസ് ജോർജ്ജ് - കണ്ടിൻജന്റ് വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ബഹു കേരള ഹൈക്കോടതിയുടെ WP(C).No.16803/2019 ലെ 17/12/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ യു) വകുപ്പ്**

**സ.ഉ.(കൈ) നം.143/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/09/2020

---

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.പ.ഭ.വ ഉത്തരവ്.

2. ശ്രീ. കാർലോസ് ജോർജ്ജ് സമർപ്പിച്ച 03.11.2016 തീയതിയിലെ അപേക്ഷ.

3. നഗരകാര്യ ഡയറക്ടറുടെ 20.12.2019 തീയതിയിലെ ഇ4-1654/2017 നമ്പർ കത്ത്.

4. സ.ഉ.(കൈയെഴുത്ത്) നം. 5/2018/ഉ.ഭ.പ.വ. തിയതി. 21.02.2018.

5. എറണാകുളം ജില്ലാ കളക്ടറുടെ 22.07.2020 തീയതിയിലെ ഇ-5339369/20 നമ്പർ കത്ത്.

6. ബഹു കേരള ഹൈക്കോടതിയുടെ WP(C).No.16803/2019 ലെ 17.12.2019 തീയതിയിലെ വിധിന്യായം .

**ഉത്തരവ്**

ബഹു കേരള ഹൈക്കോടതിയിൽ ശ്രീ. കാർലോസ് ജോർജ്ജ് ഫയൽ ചെയ്ത WP(C).No.16803/2019 ലെ പരാമർശം 6-ലെ വിധിന്യായം ചുവടെ ചേർക്കും വിധം ഉത്തരവായിരുന്നു.

'Therefore the writ petition is disposed of directing the second respondent to forward the application along with all necessary documents,within a period of 'two weeks' from the date of receipt of a copy of judgement and there shall be a further direction to the 3rd respondent to pass orders on the same within a further period of one month '

ആയതിൻ പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കൊച്ചി കോർപ്പറേഷനിൽ കണ്ടിൻജന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 14.07.2016 തീയതിയിൽ മരണപ്പെട്ട പി. എസ്. ജോർജിന്റെ മകൻ ശ്രീ. കാർലോസ് ജോർജ്ജ് അപേക്ഷ സമർപ്പിക്കുകയുണ്ടായി. പി. എസ്. ജോർജിന്റെ സേവനകാലം 24 വർഷവും 8 ദിവസവുമാണ്. പരേതന്റെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 05.04.1959, 02.07.1992 ആണ്. നഗരകാര്യ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. അപേക്ഷകൻ 10-ാം തരം വരെ പഠിച്ചിട്ടുണ്ട്. ടിയാന്റെ ജനനത്തിയതി 26.01.1991 ആണ്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ ആരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകനും എറണാകുളം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷകൻ വിവാഹിതനാണ്. വിവാഹത്തിന് മുൻപും ശേഷവും ടിയാൻ പരേതന്റെ ആശ്രിതനായിരുന്നുവെന്ന് കൊച്ചി തഹസിൽദാർ സാക്ഷ്യപെടുത്തിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ. കാർലോസ് ജോർജ്ജിന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ട് നല്കിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 3,27,800/- രൂപയാണെന്ന് (മൂന്ന് ലക്ഷത്തി

ഇരുപത്തേഴായിരത്തി എണ്ണൂറ് രൂപ മാത്രം) തോപ്പുംപടി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം ബഹു കേരള ഹൈക്കോടതിയുടെ പരാമർശം 6-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു . കൊച്ചി കോർപ്പറേഷനിൽ കണ്ടിൻജന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 14.07.2016 തീയതിയിൽ മരണപ്പെട്ട പി എസ് ജോർജിന്റെ മകൻ ശ്രീ. കാർലോസ് ജോർജ്ജിന് കൊച്ചി കോർപ്പറേഷനിലോ എറണാകുളം ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ കണ്ടിൻജന്റ് വിഭാഗത്തിൽ നിലവിലുള്ളതോ ആദ്യം വരുന്നതോ ആയ ഒഴിവിൽ പരാമർശം 1 ലെ ഉത്തരവിന് വിധേയമായി നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ഈ ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

6. പരാമർശം 6-ലെ ബഹു കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി. കൊച്ചി കോർപ്പറേഷൻ

ജില്ലാ കളക്ടർ , എറണാകുളം.

അഡ്വക്കറ്റ് ജനറൽ കേരള , എറണാകുളം

ശ്രീ. കാർലോസ് ജോർജ്ജ്, പുളിമൂട്ടിൽ ഹൗസ്, ഹൗസ് നം 12/1105
പനയപ്പള്ളി. കൊച്ചി- 2 , എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള. തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരളാ മിഷൻ. തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ